(എഫ്) കെ. എസ്. ഇ. ബി.-യിൽ എ. ഇ. (ഇലക്ട്രിക്കൽ) തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട്;

(ജി) ഈ തസ്തികയിൽ (കോൺട്രാക്ട്) വ്യവസ്ഥയിൽ സംസ്ഥാനത്ത് എത്ര പേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്; ഇവർ ഓരോരുത്തരും എന്നുമുതലാണ് ജോലിയിൽ പ്രവേശിച്ചത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. പ്രസ്തുത സ്പെഷ്യൽ റൂളുകളിലെ തസ്തികകൾക്ക് സമാനമായ ബോർഡിലെ തസ്തികകൾക്ക് ബാധകമാക്കിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി, ഇ) പ്രസക്തമല്ല.

(എഫ്) 291.

(ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഫ്രീ കണക്ഷൻ വിഭാഗത്തിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

33 [2022] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഫ്രീ കണക്ഷൻ വിഭാഗത്തിൽ ഓരോ സബ് ഡിവിഷനേയും പരിധിയിൽ ആകെ എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഏതു വർഷം വരെയുള്ള അപേക്ഷകൾക്കാണ് കണക്ഷൻ നൽകിയിട്ടുള്ളതെന്ന് സബ് ഡിവിഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനിയും കണക്ഷൻ നൽകാൻ ബാക്കിയുള്ള അപേക്ഷകളിൽ എന്നത്തേക്ക് കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ബി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(സി) 2006-നുള്ളിൽ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പള്ളിക്കരയിൽ വൈദ്യുതി സെക്ഷൻ ഓഫീസ് അനുവദിക്കുവാൻ നടപടി

34 [2023] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്ന പള്ളിക്കരയിൽ ഒരു വൈദ്യുതി സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമായി ബന്ധപ്പെട്ട് സ്ഥലം എം. എൽ. എ. നൽകിയ നിവേദനത്തിൻമേൽ എന്ത്, നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇപ്പോഴം പരിഗണനയിലില്ല.

(ബി) 20,000-നു മുകളിൽ ഉപഭോക്താക്കളും 150 ച. കി. മീ. വിസ്തീർണ്ണവും ഉള്ള സെക്ഷനുകളാണ് വിഭജിച്ച് പുതിയ സെക്ഷനുകൾ രൂപീകരിക്കുന്നത്. പള്ളിക്കര പ്രദേശം ചിത്താരി സെക്ഷന്റെ പരിധിയിലാണ്. ഈ സെക്ഷനിൽ ഇപ്പോൾ 15,350 ഉപഭോക്താക്കളാണുള്ളത്. അതിനാൽ ഈ സെക്ഷൻ വിഭജിക്കുന്ന കാര്യം, ഇപ്പോൾ പരിഗണിച്ചിട്ടില്ല.

കുട്ടനാട് താലൂക്കിലെ പ്രദേശങ്ങളുടെ വൈദ്യുതി വിതരണ പ്രവർത്തനങ്ങൾ

35 [2024] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിലെ ചില പ്രദേശങ്ങളുടെ വൈദ്യുതി വിതരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ചുമതല കോട്ടയം ജില്ലയിലെ ഓഫീസുകൾക്കാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു കാലതാമസമുണ്ടാകുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ പരാതി പരിഹരിക്കുവാൻ കഴിയത്തക്കവിധം കാവാലം കെ. എസ്. ഇ. ബി. സബ് എഞ്ചിനീയർ ഓഫീസ് കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് ആയി ഉയർത്തി കുട്ടനാട് താലൂക്കിലെ പ്രസ്തുത പ്രദേശങ്ങളുടെ മേൽനോട്ടം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കുട്ടനാട്ടിലെ കെ. എസ്. ഇ. ബി. മേജർ സെക്ഷൻ, സെക്ഷൻ ഓഫീസുകൾ എന്നിവയിൽ ആവശ്യത്തിനു ജീവനക്കാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഓരോ ഓഫീസിലും ഒഴിവായി കിടക്കുന്ന തസ്തികകൾ എത്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഈ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുമോ?

ഉത്തരം

(എ) വൈദ്യുതി വിതരണ ചുമതല ആലപ്പുഴ സർക്കിളിന്റെ കീഴിലുള്ള കിടങ്ങറ സെക്ഷനാണ്.

(ബി) ഈരാ, വാലടി, നാരകത്തറ ഭാഗങ്ങളിൽ കരവഴി എത്തുവാൻ കിടങ്ങറയിൽ നിന്നും ചങ്ങനാശ്ശേരി, തുരുത്തി വഴി 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത പ്രദേശങ്ങളിൽ വൈദ്യുതി എത്തുന്നത് മറ്റ് സെക്ഷനുകളുടെ പരിധിയിൽ കൂടി വരുന്ന 11 കെ. വി. ലൈനുകൾ വഴിയാണ്. ഇതുമൂലം പ്രശ്നങ്ങൾ പരിഹരിക്കുവാൻ ചിലപ്പോൾ കാലതാമസം ഉണ്ടാകാറുണ്ട്. എങ്കിലും വിവിധ ഓഫീസുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് പ്രശ്നങ്ങൾ താമസം കൂടാതെ പരിഹരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly